പന്ത്രണ്ടാം കേരള നിയമസഭ
പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 520 02.07.2014-ലെ മറുപടിക്ക്

# സ്വാശ്രയ മെഡിക്കൽ കോളേജ് പ്രവേശനം

**ചോദ്യം**

ശ്രീ.കെ. സുരേഷ് കുറുപ്പ്
ഡോ. ടി.എം. തോമസ് ഐസക്
ശ്രീ. ടി.വി. രാജേഷ്
ഡോ. കെ.ടി. ജലീൽ

**ഉത്തരം**

ശ്രീ. വി. എസ്. ശിവകുമാർ
(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി)

എ) പ്രോസ്പെക്ടസിൽ നൽകിയതിന് വിരുദ്ധമായി 11 സ്വാശ്രയ മെഡിക്കൽ കോളേജുകളിലേക്ക് ആദ്യഘട്ടത്തിൽ പ്രവേശനം അനുവദിക്കില്ലെന്ന് പ്രവേശന പരീക്ഷാ കമ്മിഷണർ തീരുമാനിച്ചതിന്റെ കാരണം അറിയിക്കാമോ;

ബി) സർക്കാർ പ്രസ്തുത കോളേജ് മാനേജ്മെന്റുകളുമായി പ്രവേശന കരാറിലേർപ്പെടാൻ സാധിച്ചിട്ടുണ്ടോ;

എ) & ബി) സർക്കാരുമായി കരാറിൽ ഏർപ്പെട്ടിട്ടുള്ള സ്വകാര്യ സ്വാശ്രയ മെഡിക്കൽ കോളേജുകളിലെ 50% മെറിറ്റ് സീറ്റുകളിലേക്കാണ് സർക്കാർ പ്രവേശനം നടത്തുന്നത്. ഇതിൻപ്രകാരം ഈ വർഷത്തെ എം.ബി.ബി.എസ് പ്രവേശനത്തിനായി സർക്കാരുമായി കരാറിൽ ഏർപ്പെട്ട കേരള ക്രിസ്ത്യൻ പ്രൊഫഷണൽ കോളേജ് മാനേജ്മെന്റ് ഫെഡറേഷന്റെ കീഴിലുള്ള 4 മെഡിക്കൽ കോളേജുകളിലെ 50% മെറിറ്റ് സീറ്റുകളിൽ ഒന്നാംഘട്ട അലോട്ട്മെന്റിൽ എം.ബി.ബി.എസിന് പ്രവേശനം നൽകിയിട്ടുണ്ട്. പ്രോസ്പെക്ടസിൽ കേരളാ പ്രൈവറ്റ് മെഡിക്കൽ കോളേജ് മാനേജ്മെന്റ് അസോസിയേഷന്റെ കീഴിലുള്ള മെഡിക്കൽ കോളേജുകളെയും ഉൾപ്പെടുത്തിയിരുന്നുവെങ്കിലും പ്രസ്തുത കോളേജുകൾ സർക്കാരുമായി ഇതുവരെ കരാറിൽ ഏർപ്പെട്ടിട്ടില്ല. മാനേജ്മെന്റുകൾ സർക്കാരുമായി കരാറിൽ ഏർപ്പെട്ടിട്ടില്ലാത്തതിനാൽ സർക്കാർ മെറിറ്റിൽ വിദ്യാർത്ഥികളെ പ്രവേശിപ്പിക്കാൻ സാധിക്കുകയില്ല. പ്രൊസ്പെക്ടസിൽ പ്രസ്തുത കോളേജുകളെ ഉൾപ്പെടുത്തിയിട്ടുണ്ടെങ്കിലും പ്രോസ്പെക്ടസിലെ വകുപ്പ് 1.7 പ്രകാരം സെൽഫ് ഫിനാൻസിങ്ങ് കോളേജുകളിലെ സീറ്റുകളിലേക്കുള്ള അലോട്ട്മെന്റ് സർക്കാർ ഉത്തരവിന് വിധേയമായിരിക്കുമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്.

സി) ഏതാനും കോളേജുകളുമായി കരാറിലെത്തിയതിന്റെ അടിസ്ഥാനവും മറ്റുള്ളവരുമായുള്ള അഭിപ്രായ വ്യത്യാസത്തി നുണ്ടായ കാരണവും അറിയിക്കാമോ;

സി) 10.02.2014ൽ കേരള ക്രിസ്ത്യൻ പ്രൊഫഷണൽ കോളേജ് മാനേജ്മെന്റ് ഫെഡറേഷനുമായി നടത്തിയ ചർച്ചയുടെ അടിസ്ഥാനത്തിൽ സീറ്റു വിഭജനവും ഫീസും സംബന്ധിച്ച ധാരണയിൽ എത്തിച്ചേരുകയും അതിൻപ്രകാരം ഫെഡറേഷനുമായി കരാറിൽ ഏർപ്പെടുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത കരാറിന്റെ അടിസ്ഥാനത്തിൽ ഒന്നാംഘട്ട അലോട്ട്മെന്റിൽ ഫെഡറേഷന്റെ കീഴിലുള്ള മെഡിക്കൽ കോളേജുകളിലെ മെറിറ്റ് സീറ്റുകളിലേക്ക് പ്രവേശനം നടത്തിയിട്ടുണ്ട്.

എന്നാൽ 26.05.2014ൽ കേരളാ പ്രൈവറ്റ് മെഡിക്കൽ കോളേജ് മാനേജ്മെന്റ് അസോസിയേഷനുമായി സർക്കാർ ചർച്ചകൾ നടത്തിയെങ്കിലും മാനേജ്മെന്റ് സീറ്റുകളിലേക്ക് പ്രവേശനത്തിനായി പ്രത്യേകം പ്രവേശന പരീക്ഷ നടത്തണമെന്ന ആവശ്യത്തിൽ മാനേജ്മെന്റുകൾ ഉറച്ചു നിൽക്കുകയും ഇതിലേക്കായി ബഹു. സുപ്രീം കോടതിയുടെ അനുമതി ലഭിക്കുന്ന പക്ഷം കരാറിൽ ഏർപ്പെടാമെന്ന് അസോസിയേഷൻ സർക്കാരിനെ അറിയിക്കുകയും ചെയ്തിട്ടുണ്ട്. മാനേജ്മെന്റുകൾക്ക് ബഹു. സുപ്രീം കോടതിയുടെ അംഗീകാരം ഇതേവരെ ലഭിച്ചിട്ടില്ല. ആയതിനാൽ ഇതുവരെയും പ്രസ്തുത മാനേജ്മെന്റുകൾ കരാറിൽ ഏർപ്പെട്ടിട്ടില്ല.

ഡി) ഏറ്റവുമൊടുവിൽ ഏതെല്ലാം സ്ഥാപനങ്ങളുമായി കരാറിലായിട്ടുണ്ട്; ഇപ്രകാരം സർക്കാരിതര സെൽഫ് ഫിനാൻസ് കോളേജുകളിൽ എത്ര മെറിറ്റ് സീറ്റുകൾ ലഭിക്കുമെന്ന് അറിയിക്കുമോ?

ഡി) കേരള ക്രിസ്ത്യൻ പ്രൊഫഷണൽ കോളേജ് മാനേജ്മെന്റ് ഫെഡറേഷന്റെ കീഴിലുള്ള അമലാ മെഡിക്കൽ കോളേജ്, ജൂബിലി മെഡിക്കൽ കോളേജ്, മലങ്കര ഓർത്തഡോക്സ് സിറിയൻ ചർച്ച് മെഡിക്കൽ കോളേജ്, പുഷ്പഗിരി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസസ് എന്നീ സ്ഥാപനങ്ങളുമായും സഹകരണ മേഖലയിലെ പരിയാരം മെഡിക്കൽ കോളേജുമായും കരാറിൽ ഏർപ്പെട്ടിട്ടുണ്ട്. ഇതിൻപ്രകാരം 250 മെറിറ്റ് സീറ്റുകളാണ് ലഭ്യമാകുന്നത്.

സെക്ഷൻ ഓഫീസർ